# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ. ആർ-13) വകുപ്പ്

## സർക്കുലർ

നമ്പർ 13532/എ.ആർ.13(2)/10/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2010 ഡിസംബർ 1.*

വിഷയം:— ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ്—ജീവനക്കാര്യം—മാനസിക വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് ഉദ്യോഗക്കയറ്റം നൽകുമ്പോൾ പ്രത്യേക പരിഗണന നൽകുന്നത്—സംബന്ധിച്ച്.

സൂചന:— 1. സർക്കാർ ഉത്തരവ് (പി) 12/2004 ഉഭപവ തീയതി 10-9-2004.

2. സർക്കാർ ഉത്തരവ് (പി) 22/2009 ഉഭപവ തീയതി 30-12-2009.

3. വെൽഫയർ അസോസിയേഷൻ ഫോർ റിഹാബിലിറ്റേഷൻ ഓഫ് ഡിഫറൻഷ്യലി ഏബിൾഡ് (WARD), തിരുവനന്തപുരം, സെക്രട്ടറി 27-7-2010-ൽ നൽകിയ നിവേദനം.

സൂചന സർക്കാർ ഉത്തരവുകൾ പ്രകാരം ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികളുള്ള മാതാപിതാക്കൾക്ക് സ്ഥലംമാറ്റത്തിൽ പ്രത്യേക പരിഗണന നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ വിഭാഗം ജീവനക്കാർക്ക് അവരുടെ കുട്ടികളെ വേണ്ടവിധം പരിചരിക്കുന്നതിന് ഉദ്യോഗക്കയറ്റം നൽകുന്ന അവസരത്തിലും പ്രത്യേക പരിഗണന നൽകി അവർക്ക് സൗകര്യപ്രദമായ സ്ഥലത്ത് നിയമനം നൽകണമെന്ന് സൂചനയിലെ നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. മാനസിക വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾക്ക് അവരുടെ കുട്ടികളെ പരിചരിക്കുന്നതിനുവേണ്ടി ഉദ്യോഗക്കയറ്റം നൽകുന്ന അവസരത്തിലും പ്രത്യേക പരിഗണന നൽകി അവർക്ക് കഴിവതും സൗകര്യപ്രദമായ സ്ഥലത്തു നിയമനം നൽകണമെന്ന് നിർദ്ദേശിക്കുന്നു.

ടി. ജെ. മാത്യു,
*സെക്രട്ടറി.*

GCPT. 3/4824/2010/DTP.

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/ സ്പെഷ്യൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും.

പബ്ലിക് റിലേഷൻസ് ഡയറക്ടർ, തിരുവനന്തപുരം.(അച്ചടി ദൃശ്യമാധ്യമങ്ങളിലൂടെ പ്രചരണം നൽകുന്നതിന്)

രജിസ്ട്രാർ, കേരള/കുസാറ്റ്/കോഴിക്കോട്/എം. ജി./കണ്ണൂർ/ശ്രീശങ്കരാചാര്യ/കേരള അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ജനറൽ മാനേജർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

മുഖ്യമന്ത്രിയുടേയും മറ്റ് മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.

ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിക്ക്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---

Endorsement on File No. AVIII (3) 1507/12/GW dtd

Copy to PS to Chairman, PA to members and Secretary, All sections in Head Office, All Regional Offices, District Offices and Stock file.

Sd/- 21.1.11
For Secretary
KPSC.

Sd/- 20.1.11